## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4432

25/06/2012 - ൽ
മറുപടിക്ക്

### പൊന്നാനി, തിരൂർ, തിരൂരങ്ങാടി താലൂക്കുകളിൽ റേഷൻ സാധനങ്ങളുടെ ദൗർലഭ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ | ശ്രീ. അനൂപ് ജേക്കബ്.<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കുറ്റിപ്പുറം എഫ്.സി.ഐ ഗോഡൗണിൽ റയിൽവേ ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായി ഇറക്കാത്തതു മൂലം പൊന്നാനി, തിരൂർ, തിരൂരങ്ങാടി എന്നീ താലൂക്കുകളിലെ റേഷൻ കടകളിൽ ഭക്ഷ്യ ധാന്യങ്ങൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കുറ്റിപ്പുറം എഫ്.സി.ഐ. ഡിപ്പോയിൽ ഇപ്പോൾ വിതരണത്തിനാവശ്യമായ സ്റ്റോക്കുണ്ട്. എന്നാൽ 2011 ഡിസംബർ മുതൽ ഏകദേശം 4 മാസത്തോളം റെയിൽവേ വാഗൺ ലഭിക്കാത്തതിനാൽ കുറ്റിപ്പുറം ഡിപ്പോയിൽ സ്റ്റോക്കുണ്ടായിരുന്നില്ല. ഈ കാലയളവിൽ കോഴിക്കോട് ജില്ലയിലെ എഫ്.സി.ഐ. ഡിപ്പോയിൽ നിന്ന് സ്റ്റോക്കെടുത്ത് റേഷൻ വിതരണം നടത്തിയിരുന്നു. |
| ബി) ഇതു പരിഹരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ; | (ബി) ഇപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം സംബന്ധിച്ച യാതൊരു പ്രശ്നങ്ങളും നിലവിലില്ല. |
| സി) റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്ക് വഴി നൽകുമെന്ന കേന്ദ്രസർക്കാർ തീരുമാനം കേരളത്തിൽ നടപ്പാക്കുമോ; ഇത് ക്രമേണ സംസ്ഥാനത്തെ റേഷൻ ഷാപ്പുകൾ പൂട്ടുന്നതിന് ഇടയാക്കുകമെന്ന് കരുതുന്നുണ്ടോ;<br><br>ഡി) ഈ നയത്തോട് സർക്കാർ യോജിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) യും (ഡി) യും റേഷൻസാധനങ്ങളിൽ മണ്ണെണ്ണയുടെ സബ്സിഡി മാത്രം ബാങ്ക് വഴി നൽകുന്നതിനുള്ള പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര താലൂക്കിലും കൊച്ചി താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു മൂലം അർഹതയുള്ളവർക്ക് മാത്രം സബ്സിഡി നൽകുകയും റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയാൻ സാധിക്കുകയും ചെയ്യും. റേഷൻ കടകൾക്ക് നിലവിൽ ലഭിച്ചു വരുന്ന കമ്മീഷനും മറ്റാനുകൂല്യങ്ങളും തുടരും. യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ